## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ** **30.10.2019-ൽ മറുപടിയ്ക്ക്.**

**ചോദ്യം നമ്പർ 935**

## ക്ഷീര ഗ്രാമം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.മോൻസ് ജോസഫ്** | **ശ്രീ.കെ രാജു**<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) ക്ഷീരഗ്രാമം പദ്ധതിയിൽ കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | (എ) ഫണ്ടിന്റെ ലഭ്യത അനുസരിച്ച് 10 ഗ്രാമ പഞ്ചായത്തുകളിലാണ് ക്ഷീരഗ്രാമം പദ്ധതി 2019-2020-ൽ നടപ്പിലാക്കുന്നത്. കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ പഞ്ചായത്തുകളിൽ തൻവർഷത്തിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നില്ല. |
| (ബി) വെളിയന്നൂർ പഞ്ചായത്തിൽ പ്രസ്തുത പദ്ധതി അനുവദിക്കണമെന്ന കാണിച്ച് പഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ച നിവേദനത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; അപേക്ഷ ഇപ്പോൾ ആരുടെ പക്കലാണ്; അപേക്ഷയുടെ ഫയൽ നമ്പർ അറിയിക്കാമോ; | (ബി) വെളിയന്നൂർ ഗ്രാമപഞ്ചായത്തിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കണമെന്ന അപേക്ഷയിന്മേൽ ഫണ്ടിന്റെ കുറവ് കാരണം തൻവർഷം പദ്ധതി നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല. ഇത് സംബന്ധിച്ച ഫയൽ ഇപ്പോൾ ക്ഷീര വികസന വകുപ്പ് ഡയറക്ടറേറ്റിലാണ് ഉള്ളത്. ഫയൽ നമ്പർ ഡി2/19790/2018. |
| (സി) ഉഴവൂർ ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു മൃഗാശുപത്രി അനുവദിക്കണമെന്ന വെളിയന്നൂർ ഗ്രാമ-പഞ്ചായത്തിന്റെ ആവശ്യത്തെക്കുറിച്ച് സ്വീകരിച്ച നിലപാട് വ്യക്തമാക്കാമോ? | (സി) ഉഴവൂർ ബ്ലോക്ക് പഞ്ചായത്തിൽ ഒരു മൃഗാശുപത്രി അനുവദിക്കണമെന്ന വെളിയന്നൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ ആവശ്യം പരിശോധിച്ച വരുന്നു. |

**സെക്ഷൻ ഓഫീസർ**